
(14)

# അബ്ദുൾകലാം അപമാനിതനോ?



> നൈൻ ഇലവൻ ദുരന്തത്തിനുശേഷമാണ് ലോകമെമ്പാടും വിമാനയാത്ര സുരക്ഷാസംവിധാനങ്ങളാൽ കുറേയൊക്കെ ദുസഹമായിരിക്കുന്നത്. സെക്യൂരിറ്റിയുടെ പേരിൽ ബൽറ്റും ഷൂസുകളും അഴിപ്പിക്കുന്നതിലെ ശാസ്ത്രീയത മനസിലാക്കുവാൻ പ്രയാസമുണ്ട്. നൈൻ ഇലവൻ ദുരന്തം നടന്ന സാക്ഷാൽ ന്യൂയോർക്ക് സിറ്റിയിലെ ജോൺ എഫ് കെന്നഡി വിമാനത്താവളത്തിൽപോലും ഇപ്പോൾ യാത്രക്കാർക്ക് ഷൂസും ബെൽറ്റും അഴിക്കേണ്ടിവരുന്നില്ല. എന്നാൽ ഇന്ത്യയിലടക്കം മറ്റുപലയിടങ്ങളിലും കാലാകാലങ്ങളിൽ സുരക്ഷാപരിശോധനകളിൽ ഇപ്പോഴും അശാസ്ത്രീയ രീതികൾ തുടരുന്നു.



◆ വേറിട്ട കാഴ്ചകൾ ◆

**മധുനായർ ന്യൂയോർക്ക്**

മുൻരാഷ്ട്രപതി അബ്ദുൾകലാമിനെ ഡൽഹി വിമാനത്താവളത്തിൽ സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി ദേഹപരിശോധനയ്ക്ക് വിധേയനാക്കിയത് വിവാദമായിരിക്കുന്നു. പ്രതിസ്ഥാനത്തുള്ളത് അമേരിക്കൻ കമ്പനിയായ കോണ്ടിനന്റൽ എയർവേയ്സ് ആണെന്നുള്ളത് വാർത്താപ്രാധാന്യം വർദ്ധിപ്പിച്ചു. അമേരിക്ക അഖില ലോക പോലീസ്ചമഞ്ഞ് ഇന്ത്യയിലെ മുൻരാഷ്ട്രത്തലവനെപ്പോലും വിരട്ടുന്നുവെന്നധ്വനിയോടെ കക്ഷിഭേദമെന്യേ സാമാജികരും മാധ്യമപ്രവർത്തകർ ഒന്നടങ്കവും പ്രതിഷേധസ്വരം ഉയർത്തിയിരിക്കുന്നു. കോണ്ടിനന്റൽ എയർവേയ്സ് അമേരിക്കയിലെ നൂറിൽപ്പരം വിമാനക്കമ്പനികളിലൊന്നാണ്. അതിന്റെ ചെയ്തികൾക്കുള്ള ഉത്തരവാദിത്വം പ്രസിഡന്റ് ഒബാമയ്ക്കാണെന്നുള്ള വാദം മല്ലയ്യയുടെ കിംഗ്ഫിഷർ എയർലൈൻസിലുണ്ടായ സ്ത്രീപീഡനത്തിനുത്തരവാദി പ്രധാനമന്ത്രി മൻമോഹൻസിംഗാണെന്നു പറയുംപോലെയാണ്.

ചായക്കോപ്പയിലെ കൊടുങ്കാറ്റുപോലെ ഈ വിവാദം അവസാനിക്കുവാനാണ് സാധ്യത. കോണ്ടിനന്റൽ എയർലൈൻസിന്റെ അധികാരികൾ സാങ്കേതികമായി തെറ്റു സമ്മതിച്ചില്ലായെങ്കിലും നിരുപാധികം മാപ്പുപറയുവാൻ ഒരുക്കമായി. അധികാരം വിട്ടവർ എത്ര ഉന്നതരായാലും സാദാപൗരന്റെ പദവിമാത്രം ചാർത്തപ്പെടുന്ന രീതിയാണ് ഒട്ടുമിക്ക ലോകരാഷ്ട്രങ്ങളിലും നിലവിലുള്ളത്. അമേരിക്കൻ പ്രസിഡന്റായിരുന്ന ജിമ്മികാർട്ടറോ ബിൽക്ലിന്റനോ കോണ്ടിനന്റൽ എയർലൈൻസിന്റെ ഫ്ളൈറ്റിൽ കയറുവാനൊരുമ്പെട്ടാൽ സുരക്ഷാസംവിധാനത്തിന്റെ ഭാഗമായി ദേഹപരിശോധനയ്ക്ക് വിധേയരാക്കപ്പെടുമെന്നു വിശ്വസിക്കാം.

രണ്ടാംലോകയുദ്ധാനന്തരം അമേരിക്കൻ പ്രസിഡന്റായിരുന്ന ഹാരി ട്രൂമാൻ റിട്ടയർമെന്റിനുശേഷം സ്വയം കാറോടിച്ച് ഒരു പെട്രോൾ പമ്പിലെത്തിയ ചിത്രം ഈ ലേഖകൻ കണ്ടതോർക്കുന്നു. ജിമ്മികാർട്ടർ പാവപ്പെട്ടവർക്ക് വീടുണ്ടാക്കുവാൻ ജീൻസും ടീഷർട്ടുമിട്ട് ഉളിയും കൊട്ടുവടിയുമായി നിൽക്കുന്ന ചിത്രവും ഓർമ്മവരുന്നു. ഇതൊക്കെയാണ് അമേരിക്കൻ രീതികൾ. ഇവിടെയാണെങ്കിൽ മൂത്തുനരച്ചിരിക്കുന്ന പടുവൃദ്ധന്മാർക്കും പണ്ടെങ്ങോ ഉണ്ടായിരുന്ന പദവിയുടെ പേരിൽ സെക്യൂരിറ്റി സംരക്ഷണം ഏർപ്പാടാക്കിയിരിക്കുന്നു. അതിനുവേണ്ടി പാഴാക്കപ്പെടുന്ന കോടികൾ പൊതുഖജനാവിൽനിന്നും ചോരുന്നതിൽ കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന സർക്കാരുകൾക്കൊന്നും ഒരുളുക്കും തോന്നുന്നില്ല. ഭാരതത്തിൽ ജനാധിപത്യം കൊടികുത്തിവാഴുന്നുവെന്ന് നാമെല്ലാം അഭിമാനിക്കുന്നു. കോളനിഭരണത്തിന്റെയും രാജവാഴ്ചയുടേയും അവശിഷ്ട ഭയാശങ്കകളിൽ നിന്നും നാമിപ്പോഴും മുക്തരല്ലെന്നതാണ് സത്യം.

അധികാരത്തിലേറുന്ന മന്ത്രി പുംഗവന്മാർ അവർ വിപ്ലവപ്പാർട്ടികളുടെ സൃഷ്ടികളാണെങ്കിൽപോലും വൻപൊലീസ്സംവിധാനമില്ലാതെ പുറത്തിറങ്ങുകയില്ലായെന്ന അവസ്ഥയുണ്ടാകുന്നത് ഈ അപകർഷതാബോധം കൊണ്ടാണ്. അമേരിക്കൻ പ്രസിഡന്റ് പൊതുവേദിയിൽ പ്രത്യക്ഷപ്പെടുമ്പോൾ തൊട്ടുപിറകിലായി ബിംബങ്ങൾപോലെ സെക്യൂരിറ്റിക്കാർ നിൽക്കുന്ന ചിത്രം കാണാൻ കഴിയുകയില്ല. പക്ഷേ, ഇൻഡ്യയിലെ കാരണമോ കുന്താംവിഴുങ്ങിയ മട്ടിൽ ഒരാളെങ്കിലും പ്രധാനമന്ത്രിയുടെയെന്നു മാത്രമല്ല, പാർട്ടിനേതാവിന്റെ പിന്നിലും പൊതുവേദികളിൽ നിൽക്കുന്നതു കാണാം.

സെക്യൂരിറ്റി സംവിധാനങ്ങൾ ഇന്ത്യയിൽ ആഡംബരത്തിന്റെ ഭാഗമായിരിക്കുന്നു. ഈ സംവിധാനത്തിൽ സുരക്ഷയല്ല പ്രധാന കാര്യം, വൻപൊലീസ് പട മുന്നിലും പിന്നിലുമായി വി.ഐ.പിയെ ആനയിക്കുന്നതിലുള്ള ജനദ്രോഹം പ്രശ്നമേ ആകുന്നില്ല. ഇത്രവലിയ സന്നാഹങ്ങൾ ഉണ്ടായിട്ടും ഇന്ത്യൻ പ്രധാനമന്ത്രിക്ക് തിരുവനന്തപുരത്ത് വഴിതെറ്റിയെന്നത് വേറെ കാര്യം.

മുൻരാഷ്ട്രപതി അബ്ദുൾകലാം അവഹേളിക്കപ്പെട്ടു എന്ന സംഭവം നടന്നിട്ട് മൂന്നുമാസം കഴിയുന്നു. അദ്ദേഹത്തിന് ഇതിലൊരു പരാതിയും ഇല്ലായിരുന്നുവെന്നും മനസ്സിലാക്കണം; അല്ലായിരുന്നെങ്കിൽ സംഭവം നടന്നയുടനേ തന്നെ ഇതു വലിയ വാർത്തയാകേണ്ടതായിരുന്നു. രാഷ്ട്രപതി ആയിരുന്നെങ്കിലും സ്ഥാനമൊഴിഞ്ഞാൽ സാധാപൗരനാണ് താനെന്ന് തെളിയിക്കുവാൻ ആ വലിയ മനസ്സ് ഈ അവസരം ഉപയോഗിച്ചതാകാം. സുരക്ഷാ പരിശോധന അപമാനിക്കലല്ല എന്നദ്ദേഹം മനസ്സിലാക്കിയിരിക്കണം.

വിമാനയാത്രക്കാരായ ലക്ഷോപലക്ഷം യാത്രക്കാർ സുരക്ഷാപരിശോധനയാൽ ദൈനംദിനം അവമാനിക്കപ്പെടുന്നുവെന്നു വിശ്വസിക്കുവാൻ അദ്ദേഹം തയ്യാറല്ലായിരിക്കാം. എന്തൊക്കെ അപാകതകളുണ്ടെങ്കിലും സുരക്ഷാപരിശോധനകൾ യാത്രക്കാരുടെ രക്ഷക്കുവേണ്ടി മാത്രം സംവിധാനം ചെയ്തിരിക്കുന്നതാണല്ലോ?

നൈൻ ഇലവൻ ദുരന്തത്തിനുശേഷമാണ് ലോകമെമ്പാടും വിമാനയാത്ര സുരക്ഷാസംവിധാനങ്ങളാൽ കുറേയൊക്കെ ദുസ്സഹമായിരിക്കുന്നത്. സെക്യൂരിറ്റിയുടെ പേരിൽ ബൽറ്റും ഷൂസുകളും അഴിപ്പിക്കുന്നതിലെ ശാസ്ത്രീയത മനസ്സിലാക്കുവാൻ പ്രയാസമുണ്ട്. നൈൻ ഇലവൻ ദുരന്തം നടന്ന സാക്ഷാൽ ന്യൂയോർക്ക് സിറ്റിയിലെ ജോൺ എഫ് കെന്നഡി വിമാനത്താവളത്തിൽപോലും ഇപ്പോൾ യാത്രക്കാർക്ക് ഷൂസും ബെൽറ്റും അഴിക്കേണ്ടിവരുന്നില്ലായെന്ന് അനുഭവത്തിൽനിന്നും ഈ ലേഖകൻ മനസ്സിലാക്കുന്നു. എന്നാൽ ഇന്ത്യയിലടക്കം മറ്റുപലയിടങ്ങളിലും കാലാകാലങ്ങളിൽ സുരക്ഷാപരിശോധനകളിൽ ഇപ്പോഴും അശാസ്ത്രീയരീതികൾ തുടരുന്നു.

ഈയിടെ ബാങ്കോംഗിലെ സുവർണ ഭൂമി എയർപോർട്ടിൽ ഈ ലേഖകന്റെ ഹാൻഡ് ബാഗിലുണ്ടായിരുന്ന ഒരു ചെറിയട്യൂബ് ഷേവിംഗ്ക്രീം സെക്യൂരിറ്റി പരിശോധകർ കണ്ടുകെട്ടി. ഒരു ചൂണ്ടുവിരലിലൊതുക്കാവുന്ന ഷേവിംഗ്ക്രീം കൊണ്ട് ആളെക്കൊല്ലാനെങ്ങനെയൊക്കുമെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. ഈ നിബന്ധനകളൊക്കെ സുരക്ഷാസംവിധാനം അവശ്യം വേണ്ടുന്ന പല എയർപോർട്ടുകളിലും കാലഹരണപ്പെട്ടുവെന്നത് തായ്‌ലാൻഡിലെ അധികാരികൾ മനസ്സിലാക്കിയിട്ടില്ല.

വിമാനയാത്രച്ചെലവ് ഇന്ത്യയിലും സാധാരണക്കാർക്ക് സാധ്യമാകും വിധം താണുകൊണ്ടിരിക്കുന്നു. സർക്കാർ വക വെള്ളാനവിമാന സർവീസ് ചക്രശ്വാസം വലിക്കുന്നുണ്ടെങ്കിലും അനവധി സ്വകാര്യവിമാനക്കമ്പനികൾ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്നു. വിമാനയാത്രക്കാരുടെ ബാഹുല്യം വർദ്ധിക്കുമ്പോൾ അമേരിക്കയിലെന്നപോലെ സെക്യൂരിറ്റി സംവിധാനങ്ങൾ വെറും പ്രഹസനങ്ങളിൽ നിന്നും മോചിതമാകുമെന്നു കരുതാം. റയിൽവേ യാത്രക്കാരെയും സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കുവാനുള്ള ശ്രമങ്ങൾ അപ്പാടെ പാളിപ്പോയത് ഓർമ്മിക്കാം. നൂറുകോടിയിലേറെ ജനങ്ങളുള്ള ഒരു നാട്ടിൽ സുരക്ഷാസംവിധാനങ്ങൾ ഊട്ടിയുറപ്പിക്കുക പ്രായോഗികമല്ല. അതും ഈ സംരംഭങ്ങളെ അഭിമാനപ്രശ്നമായി കരുതുന്നയിടത്ത്.